പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 27/09/2016 ൽ
നിയമസഭാ ചോദ്യം നമ്പർ 338 | മറുപടിക്ക്

**കേരള മിനറൽസ് ആന്റ് മെറ്റൽസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ;<br>ശ്രീ. എം.നൗഷാദ്;<br>ശ്രീമതി. വീണാ ജോർജ്ജ് ;<br>ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| എ) പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തിനേയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേയ്ക്ക് ഉറപ്പിൽ വരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്കായി പൊതുമേഖലാ വ്യവസായ പുന:സംഘടന ബോർഡിനെ (റിയാബ്) പുന:സംഘടിപ്പിച്ചിട്ടുണ്ട്.<br><br>ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുന:രുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി ശിൽപ്പശാലകൾ സംഘടിപ്പിക്കുന്ന നടപടികൾ |

പുരോഗമിച്ചുവരുന്നു.

ആഗോളവത്ക്കരണത്തിൻെറ അനന്തരഫലമായി ശാക്തീകരിച്ച വാണിജ്യ മേഖലയിൽ മാത്സര്യ ബോധത്തോടെ പ്രവർത്തിച്ച് ലക്ഷ്യം കൈവരിക്കുന്നതിനായി സ്ഥാപനങ്ങളിലെ മാനവ വിഭവശേഷിയുടെ തുടർച്ചയായ ശാക്തീകരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരായി അതാത് മേഖലകളിൽ വിദഗ്ദ്ധരായവരെ സുതാര്യമായ നടപടി ക്രമങ്ങളിലൂടെ നിയമിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർക്കുന്നതിനും അത്യാവശ്യമുള്ള പ്രവർത്തന മൂലധന സഹായത്തിനുമായി 2016-17 ലെ ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തിയിട്ടുള്ള 100 കോടിരൂപയിൽ നിന്നും ഇതിനോടകം 39.76 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക സ്ഥാപനങ്ങളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

| | | | |
|---|---|---|---|
| ബി) | പ്രമുഖ പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡിൽ (കെ.എം.എം.എൽ) മുൻ സർക്കാരിന്റെ കാലത്ത് വ്യാപകമായ അഴിമതിയും ക്രമക്കേടും നടന്നെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ് പരാമർശത്തിൽ പ്രമുഖമായവ എന്തൊക്കെയാണ്; | ബി) & സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്പനി അധിക നിരക്കിൽ ലിക്വിഡ് ഓക്സിജൻ വാങ്ങിയതും, മഗ്നീഷ്യം വാങ്ങിയതും കൂടാതെ സേവന നികുതി അടവും തുടങ്ങിയ പരാമർശങ്ങളാണ് സി ആന്റ് എ ജി. ഓഡിറ്റ് റിപ്പോർട്ടിൽ വന്നിട്ടുള്ളത്. ഓരോ ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള മറുപടി സി ആന്റ് എ ജി. യ്ക്ക് കൊടുക്കുകയും ആവശ്യമായ വിഷയങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| സി) | ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | | |

| | | |
|---|---|---|
| ഡി) | ഈ സ്ഥാപനത്തിലെ അഴിമതിയെയും ക്രമക്കേടിനെയും കുറിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തൽ എന്തായിരുന്നു; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | അഴിമതി ആരോപണങ്ങളിന്മേൽ വിജിലൻസ് എൻക്വയറി (ക്വിക് വേരിഫിക്കേഷൻ) നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ